# നെന്മാണിക്യം

(നോവൽ–12)

ജോൺ ഇളമത

**കു**ഞ്ഞേയിതങ്കയെ കണ്ടതോടെ അന്തോനിക്കു കലിയായി.

അച്ചൻ ഒരു വൃത്തികെട്ട ചിരിചിരിച്ചിട്ടു പറഞ്ഞു:

കുഞ്ഞേയിയുമായി കുശലം പറഞ്ഞിരുന്നു നേരം പോയതറിഞ്ഞില്ല.

തങ്കയെ അന്തോനി മുമ്പും കണ്ടിട്ടുണ്ട്. രാജാങ്കണത്തിലെ പ്രഭുക്കന്മാരുടെ ഉറക്കം കെടുത്തുന്ന തേവിടിശ്ശി.



പട്ടുകസവിന്റെ രണ്ടാംമുണ്ട് വലിയ മാറിനുമീതെ കെട്ടി മുടി മുമ്പിലേക്കു കെട്ടിവച്ച് അതിൽ അരിമുല്ലപ്പൂമാല ചൂടി, കാതിലും കഴുത്തിലും നിറയെ വൈരാഭരണങ്ങളിഞ്ഞു നടക്കുന്ന തങ്ക!

മുമ്പ് കൊട്ടരനർത്തകിയായിരുന്നു. മെയ്‌വഴക്കം കുറഞ്ഞപ്പോൾ തൊഴിലൊന്നു മാറ്റി. കര എഴുതിയ അവളുടെ വലിയ കണ്ണുകളിൽനിന്നുള്ള കടാക്ഷം ഉന്മാദലഹരി ഉണർത്തും. ഇന്ന് രാജാങ്കണത്തിലെ സ്വപ്നറാണിയാണവൾ!

അച്ചൻ ഗൗരവം വീണ്ടെടുത്തു തുടർന്നു: ഇവിടെ ഖജനാവ് ശോഷിച്ചിട്ടുണ്ടീ അടുത്തയിടെ.

എങ്ങനെ ശോഷിക്കാതിരിക്കും? ഇത്തരം തേവിടിശ്ശികൾ കയറിയിറങ്ങിയാൽ സർവ്വാധികാര്യക്കാരനായ അച്ചന്റെ പടവാൾത്തുമ്പിനേക്കാൾ മൂർച്ചയുള്ളതാണ് കുഞ്ഞേയിയുടെ കണ്ണുകൾ. അവൾ മുഖാന്തിരം എത്രയെത്ര അനാത്തുചെലവുകൾ വന്നേക്കാം! അതിനാരാ ഉത്തരവാദികൾ എന്ന പരസ്യമായി ചോദിക്കാൻ അന്തോനിക്കു തോന്നിപ്പോയി.

അച്ചൻ തുടർന്നു: അതുകൊണ്ട് കടൽച്ചുങ്കവും മറ്റും ഇരട്ടിയാക്കാൻ നാം ഉദ്ദേശിക്കുന്നു. കുടാതെ ബ്രിട്ടീഷന്റെ വരവോടെ ചെലവും കൂടിയിരിക്കുന്നു. നാടോടുമ്പം നടുവേ ഓടണമെന്നല്ലേ പ്രമാണം! റസിഡന്റ് മെക്കാളെസായ്‌വ് ഇടയ്ക്കിടെ കൊട്ടാരത്തി മുഖംകാണിക്കുന്ന പതിവൊണ്ട്. വേണ്ടവണ്ണം സൽക്കരിക്കണമല്ലോ, ധ്വരയ്ക്കു ചേർന്നവണ്ണം. മഹാരാജാവു തിരുമനസ്സും അതിൽ തൽപരനാണ്. ധ്വര നല്ല മനുഷ്യനാ. പ്രത്യേകിച്ച് ബ്രിട്ടീഷിന്റെ സാമന്തപദവി സ്വീകരിച്ചേപ്പിന്നെ കൊച്ചീമഹാരാജ്യത്തോട് ധ്വരയ്ക്ക് പ്രത്യേക താൽപര്യമാ.

ശരിയാ, ബ്രിട്ടീഷ് ഒരറ്റംമൊതല് പിടിച്ചോണ്ടിരിക്കാ. ബുദ്ധിയില്ലാത്ത നാട്ടുരാജാക്കന്മാര് തമ്മി കലഹിക്കുക. അവർക്കു ചേർന്ന വർക്കത്തുകെട്ട കുറേ സർവ്വാധികാര്യക്കാരം. ഇത്രയും പറയാൻ അന്തോനിക്കുതോന്നി. എങ്കിലും വായ് മൂടിക്കെടി, തിരുവായ്ക്ക് എതിർമൊഴി പാടില്ലല്ലോ.

അച്ചൻ വീണ്ടും തുടർന്നു:

സർവ്വ നസ്രാണിപ്രമാണിമാരുടെയും സ്വത്തുക്കൾ അന്വേഷണം നടത്തി കണക്കിൽക്കവിഞ്ഞതു കണ്ടുകെട്ടി അവരെ നിയന്ത്രിക്കാനും നമ്മുക്കുദ്ദേശ്യമുണ്ട്. നമ്പൂതിരിമാരുടെയും നായർമാടമ്പിമാരുടെയും സ്വത്തും പണവും കുറഞ്ഞുവരികയാണ്. അവരെ നിലനിർത്തിയില്ലെങ്കിൽ രാജ്യം മുടിഞ്ഞുപോകും.

അതിനു പണിയെടുക്കണം. സൂത്രത്തിലിരുന്നു സുഖിക്കാമെന്ന മോഹംകൊണ്ടാ എന്നു പറയണമെന്ന് അന്തോനിക്കു തോന്നി.

എങ്കിലും ഒന്നും ഉരിയാടാതെ നിന്ന് എല്ലാം കേട്ടു.

അച്ചൻ തുടർന്നുകൊണ്ടേയിരുന്നു: കീഴളാവർഗ്ഗം മാർഗ്ഗംകൂടിയോരല്ലേ ഇവിടുത്തെ നസ്രാണിമാര്? മതം മാറ്റി ധ്വരമാരടെ കൂട്ടാ നടപ്പ്. കാക്ക കുളിച്ചാ കൊക്കാകുമോ?

സർവ്വാധികാര്യക്കാരൻ പാലയത്തച്ചന്റെ മനം മാറിയിരിക്കിണു. വെള്ളക്കാരോടുള്ള പക ഇവിടത്തെ നസ്രാണികളുടെ പുറത്ത് ചാരി പീഡിപ്പിക്കാനുള്ള പുറപ്പാടാണിത്.

അന്തോനി പരിസരം മറന്നു പൊട്ടിത്തെറിച്ചു.

ഞങ്ങൾ കീഴാളരല്ല. തന്നെപ്പോലെതന്നെ മേലാളവർഗ്ഗത്തി ജനിച്ച് മാർതോമാക്രിസ്ത്യാനികളായവർ. സത്യക്രിസ്ത്യാനികൾ. താൻ തന്റെ തിരുമുറ്റത്തു നിർത്തി വരാം വൈകി അധിക്ഷേപിച്ചതും പോരാഞ്ഞു ക്രിസ്ത്യാനികളുടെമേൽ മെക്കിട്ടു കേറുന്നോ? ഉണ്ടും ഉറങ്ങീം, തേവിടിശ്ശികളുടെ ചേലത്തുമ്പേ പിടിച്ചും നടന്നാ ഖജനാവ് വീർക്കത്തില്ല. താനൊരു വരത്തൻ സർക്കാരിന്റെ ആശ്രിതനല്ലേ! നിന്നു പൊലമ്പാതടോ സർവ്വാധികാര്യക്കാരൻ നായർമാടമ്പീ!

ഒറ്റ അരിശംകൊണ്ട് ഒറ്റശ്വാസത്തിൽ അന്തോനി പ്രതിവചിച്ചു.

തിരുവായ്ക്കുനേരെ വന്ന ശക്തമായ എതിർവായ്.

അച്ചൻകോപംകൊണ്ടു വിറച്ചു:

ധിക്കാരി! ഇവനെ പിടിച്ചുകെട്ട്! അച്ചന്റെ ഉച്ചത്തിലുള്ള ഗർജ്ജനം. നാലുനിക്കിലും മുഴങ്ങി.

അന്തോനിക്കു പരിസരബോധമുണ്ടായി. പരിവാരങ്ങൾ ഞെട്ടി. എന്തും സംഭവിക്കാം ഏതു നിമിഷവും.

അച്ഛന്റെ തറവാട്ടിൽ അത്യാവശ്യം സേവകരും കാവൽക്കാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

നായർപടയുടെ പാളയം ഒരുകാതം ദൂരെ കൊച്ചീകൊട്ടാരത്തിന്റെ കോട്ടയിലായിരുന്നു.

പട പുറപ്പെട്ട് അന്തോനിക്കു കൂട്ടരെയും പിടിച്ചുകെട്ടാനുള്ള ദൂതുമായി സേവകരങ്ങോട്ടേക്കോടി.

നായർപടയുടെ ആരവം കേട്ടുതുടങ്ങുംമുമ്പ് അന്തോനീം കുടുംബവും പരിവാരങ്ങളും കൈയിൽ കിട്ടിയതൊക്കെ എടുത്തു പലായനം ചെയ്തു. ആനകളും ആയുധങ്ങളും അവർ കരുതിയിരുന്നു.
മേടുകളും താഴ്‌വരകളും കുന്നുകളും ചവുട്ടി കാട്ടിലെത്തി. ഭീകരമായ കാട്.

കൊച്ചീരാജ്യത്തിന്റെ അതിർത്തി കടന്നു മലയാറ്റൂർ വനങ്ങളിൽ അവർ അഭയം തേടി. തിരുവിതാംകൂറിൽ അവർ സുരക്ഷിതനായി.

വലിയ മലമ്പാമ്പുകൾ തലകീഴായി തൂങ്ങിക്കിടക്കുന്ന ഭീകരമായ കാട്! ഇഞ്ചക്കാടുകൾ! മുളങ്കൂട്ടങ്ങൾ പടർന്നുപന്തലിച്ച വന്മരങ്ങൾ. അവയിൽ തൂങ്ങിക്കിടക്കുന്ന വലിയ വള്ളികൾ. സൂര്യപ്രകാശം കടക്കാത്ത പെരുംകാട്. വള്ളികളിൽ തൂങ്ങിയാടി തുള്ളിക്കളിക്കുന്ന ഗർജ്ജനങ്ങൾ. ഗജവീരന്മാരുടെ കാലടിപ്പാടുകൾ അവരുടെ പിണ്ടം അലിഞ്ഞുകിട്ടുന്നു. അവയിൽ പുഴുക്കൾ. അവയിൽ ചിലവ ഈച്ചകളായി പറക്കുന്നു. പച്ചപ്പുല്ലിന്റെയും പച്ചമരുന്നുകളുടെയും ഗന്ധം അലിഞ്ഞ തണുത്ത കാറ്റ് താഴ്‌വാരങ്ങളിൽ നിന്നൊഴുകിവന്നിരിക്കുന്നു. പാറക്കെട്ടുകളിൽ നിന്നൊലിച്ചിറങ്ങുന്ന നീർച്ചാലുകൾ. അവ താഴ്‌വരകളിൽ ശുദ്ധജലതടാകങ്ങളായി നീലിമയോടെ കിടന്നു.

കുത്തനെയും കീഴ്പ്പോട്ടും കയറിയിറങ്ങിയ മലകളിൽ കൂറ്റൻ ആൾക്കരടികളുടെ ഗർജ്ജനം കേട്ടു. മറ്റേതു വന്യമൃഗങ്ങളെക്കാളും അപകടകാരികളാണ്. ഇരുകാലിൽ എണീറ്റുനിന്ന് ഏതു ശത്രുവിനെയും അവ അടിച്ചുവീഴ്ത്തും. അപ്രതീക്ഷിതമായാണ് അവരുടെ വരവ്. അവ അക്രമാസക്തിയോടെ അടുത്താൽ കഥ തീർന്നതുതന്നെ!

അതുതന്നെ സംഭവിച്ചു. അപ്രതീക്ഷിതമായി ഒരാൾക്കരടിക്കു മുമ്പിൽപ്പെട്ടു. ആറടിയിലേറെ ഉയരമുള്ള ഒരജാനുബാഹു. അവൻ രണ്ടുകാലിൽ എണീറ്റുനിന്നു. കൂർത്ത നഖങ്ങൾ പുറത്തേക്കെടുത്ത് രണ്ടു കൈകളും വീശി അടുത്തു.

ആനകൾ വിരണ്ടു ചിന്നംവിളിച്ചു.

അന്തോനി ഉറക്കെ വിളിച്ചു. പരിഭ്രാന്തനായി:
വാറൂ!

വിളിച്ചുതീരും മുമ്പതു സംഭവിച്ചു. ഉരുക്കുപോലെയുള്ള ആജ്ഞാനുവർത്തിയായ വാറുവിനെ അവൻ ഒറ്റയടിക്കു തെറിപ്പിച്ചു.

വാറു തകിടംമറിഞ്ഞ് ഒരു വള്ളിക്കാട്ടിലേക്ക് തെറിച്ചുവീണു.

ക്ഷണം അന്തോനി ആനപ്പുറത്തുനിന്നിറങ്ങി. അരയിലെ കഠാരി, ഉറയിൽനിന്നൂരി അവനെ നേരിടാൻ തയ്യാറായി.

ആൾക്കരടി അന്തോനിക്കുനേരെ പാഞ്ഞടുത്തു:

തന്നേക്കാൾ ഉയരമുള്ള ബലിഷ്ഠൻ! അവനെ നേരിടാൻ അതല്ലാതെ മറ്റു പ്രയോഗമൊന്നുമില്ല.

നേരെ ഓടിയെടുത്ത കരടിയുടെ മുകളിലേക്കു ചാടി. കഴുത്തിന്റെ പിന്നാംഭാഗത്തുള്ള മർമ്മസ്ഥാനങ്ങളിൽ ശക്തിയായി ഇടിച്ചു. മസ്തിഷ്കത്തെ മരവിപ്പിക്കുന്ന അടവുകളിലൊന്നായിരുന്നു അത്.

ഇടിയേറ്റ് ശക്തനായ അവൻ ഒന്നുവിറച്ചു, നിശ്ചലനായി, ഷോക്കേറ്റവിധം അവൻ നാലഞ്ചു മിനിറ്റ് നിന്നവിധം നിന്നു. തക്കംപാഴാക്കാതെ അന്തോനി, അവന്റെ നെഞ്ചിനു താഴെ ഇരുവശങ്ങളിലും കഠാരി ആഞ്ഞാഞ്ഞ് ഉയർത്തിത്താഴ്ത്തി.

ഒരു വലിയ നിലവിളിയോടെ, ഒരു വലിയ പാറ ഉരുണ്ടുവീഴുംപോലെ, അവൻ വീണു നിശ്ചലനായി.

പരിവാരങ്ങൾ ആശ്ചര്യപ്പെട്ടു.

അന്തോനി സേവകർക്കു നിർദ്ദേശം കൊടുത്തു. ചത്തുവീണ കരടിയുടെ തോൽ ഉരിച്ചെടുത്ത് ഊറയ്ക്കിട്ടുണങ്ങാൻ.

അന്തോനി സ്വയം മൊഴിഞ്ഞു: ഇവനെ ഞാൻ എന്റെ പുതിയ സമങ്കതത്ത് പ്രതിഷ്ഠിക്കും, കൊച്ചിയിൽനിന്ന് തിരുവിതാംകൂറിലേക്കു കടന്നതിന്റെ നിത്യസ്മാരകമായി.

വീണ്ടും യാത്ര തുടർന്നു, മലയാറ്റൂർ വനത്തിൽനിന്ന് കുറവിലങ്ങാട്ടേക്ക്. അതൊരു നസ്രാണി സങ്കേതമായിരുന്നു. അവിടെ കുറേനാൾപാർത്തു. വീണ്ടും യാത്ര തുടർന്നു. മെച്ചപ്പെട്ട ഭൂമിതേടി. റാന്നി കുന്നിൻനിരകളിലെത്തി. കണ്ണെത്താത്ത ഉയരത്തിൽ. വീട്ടിയും തേക്കും ചന്ദനമരങ്ങളും നിറഞ്ഞ റാന്നിയിലെ കുന്നിൻനിരകൾ അന്തോനിയെ ഹഠാദാകർഷിച്ചു.

വ്യാപരക്കണ്ണുകളുള്ള അന്തോനിയുടെ മനസ്സിൽ ഒരു രൂപരേഖ തെളിഞ്ഞു:

ഇവയൊക്കെ വെട്ടിയിറക്കി ചങ്ങാടമാക്കി പമ്പയിലൂടെ ഒഴുക്കിയാൽ ആലപ്പുഴ തുറമുഖത്തെത്തിക്കാം. വ്യാപാരികളുടെ ഈറ്റില്ലത്തിൽ.

(തുടരും.........)